(ബി, സി) കെ. എസ്. ഐ. ഡി. സി.-യുടെ സഹായത്തോടെ പൂർത്തിയാക്കിയ പദ്ധതികളിലെ നിക്ഷേപം താഴെ ചേർക്കുന്നു:

2001-2002	..	127.54 കോടി
2002-2003	..	94.17 കോടി
ആകെ	..	221.71 കോടി

(സ്ഥാപനങ്ങളുടേയും നിക്ഷേപങ്ങളുടേയും വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.) †

കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ ചെറുകിട വ്യവസായ രംഗത്ത് എല്ലാ മേഖലകളിലും കൂടി 440.06 കോടി രൂപയുടെ വ്യവസായ നിക്ഷേപം ഉണ്ടായിട്ടുണ്ട്. ജൈവ സാങ്കേതിക വിദ്യ, കാർഷികാധിഷ്ഠിത ഭക്ഷ്യ സംസ്കരണം, വിവര സാങ്കേതിക വിദ്യ തുടങ്ങിയ പുതിയ മേഖലകളും ഇവയിൽ പെടുന്നു. കിൻഫ്രയുടെ കീഴിലുള്ള വിവിധ വ്യവസായ പാർക്കുകളിൽ ഉണ്ടായിട്ടുള്ള സ്ഥാപനങ്ങളും നിക്ഷേപങ്ങളും അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ഡി) ചെറുകിട വ്യവസായ മേഖലയിൽ 97645-ഉം വൻകിട-ഇടത്തരം വ്യവസായങ്ങളിൽ (വ്യവസായ വികസന കോർപ്പറേഷന്റെ പരിധിയിൽ വരുന്ന) 3246-ഉം കിൻഫ്രയുടെ വ്യവസായ പാർക്കുകളിലൂടെ 1138-ഉം പേർക്ക് തൊഴിൽ നൽകാനായിട്ടുണ്ട്.

വ്യാവസായിക പ്രവർത്തനത്തിന് കുടുംബ സംഗമം

*7 [490] ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
,, കെ. വി. കുഞ്ഞിരാമൻ:
,, മഞ്ഞളാംകുഴി അലി:
,, കെ. പി. സതീശ് ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നയുടൻ വ്യാവസായിക പ്രവർത്തനത്തിന് 'കുടുംബ സംഗമം' എന്ന നൂതന പദ്ധതി സംസ്ഥാനത്ത് നടപ്പിൽ. വരുത്തുമെന്ന നയം പ്രഖ്യാപിക്കുകയുണ്ടായോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(സി) 'കുടുംബ സംഗമം' എന്ന പദ്ധതി വഴി നിലവിൽ വന്ന വ്യാവസായിക സംരംഭങ്ങൾ ഏതൊക്കെയാണ്;

(ഡി) സംസ്ഥാനത്തെ ഓരോ ജില്ലയിലും ഈ പദ്ധതി നടപ്പിൽ വരുത്തുന്നതിന് എത്ര തുക വീതം ഇതിനകം ചെലവഴിക്കുകയുണ്ടായി;

(ഇ) ഈ പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കാമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): (എ, ബി) വ്യവസായ വകുപ്പിന്റെ നയപ്രഖ്യാപനത്തിൽ ഇത്തരം ഒരു പദ്ധതി നടപ്പാക്കുമെന്ന് പ്രഖ്യാപിച്ചിട്ടില്ല. എന്നാൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിൽ 'കുടുംബ സംഗമം' പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. സംസ്ഥാനത്തെ തൊഴിൽ രഹിതരായ എല്ലാവർക്കും ഓരോ വീടും ഒരു സാമ്പത്തിക ഉല്പാദക യൂണിറ്റാക്കിക്കൊണ്ട് സ്വയംതൊഴിൽ ഉണ്ടാക്കിക്കൊടുക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

(സി—ഇ) പുതിയ തൊഴിൽദാന പദ്ധതിയുടെ ഭാഗമായിവരുന്ന കുടുംബ സംഗമം പദ്ധതിക്ക് അന്തിമ രൂപമായിട്ടില്ല. ആയതിനാൽ 'കുടുംബ സംഗമം' സുസ്ഥിര വികസന പരിപാടി ഇതുവരെ ആരംഭിച്ചിട്ടില്ല.

കരകൗശല കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ

*8 [491] ശ്രീ. ഉമേഷ് ചള്ളിയിൽ:
„ ഷിബു ബേബിജോൺ:
„ കെ. കെ. ഷാജു:
„ ജോണി നെല്ലൂർ:
„ എ. എൻ. രാജൻ ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കരകൗശല കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിന് സർക്കാർ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ ലാഭകരമാക്കാൻ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly